പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 7

28.1.2019 ൽ
മറുപടിക്ക്

**<u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണം</u>**

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്ത് രൂപീകരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ രണ്ടും മൂന്നും സ്ട്രീമുകളിലെ നിയമനങ്ങളിൽ സംവരണം അട്ടിമറിക്കുന്നതിനെതിരെ പിന്നോക്ക ദളിത് സംഘടനകളുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണ തത്വങ്ങൾ ബാധകമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ രാഷ്ട്രീയ - സാമുദായിക – ദളിത് സംഘടനകളുടേയും വ്യക്തികളുടേയും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| ബി) | നിയമവകുപ്പും എസ്.സി.-എസ്.ടി. കമ്മീഷനും ന്യൂനപക്ഷ കമ്മീഷനും മൂന്ന് സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തിരുന്നോ; ഇക്കാര്യം സർക്കാർ പരിശോധിച്ചിരുന്നോ; വിശദാംശം വെളിപ്പെടുത്താമോ; | ബി) | ശിപാർശ ചെയ്തിരുന്നു. നേരിട്ടുള്ള നിയമനങ്ങൾക്ക് മാത്രമാണ് സംവരണതത്ത്വം ബാധകമാക്കിയിട്ടുള്ളത്. സ്ട്രീം II, III വിഭാഗങ്ങളിൽ തസ്തികമാറ്റ നിയമനമായതിനാൽ സംവരണം ബാധകമാക്കിയിട്ടില്ല. തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധമാക്കേണ്ടതില്ലെന്നും അപ്രകാരം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ചും 04.03.2003 ൽ പുറപ്പെടുവിച്ച 19274/Adv.C3/2002/P&ARD നമ്പർ സർക്കുലർ നിലവിലുണ്ട്. KAS രൂപീകരിക്കുന്ന സമിതിയിൽ നിയമവകുപ്പ് സെക്രട്ടറിയും അംഗമായിരുന്നു. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും കണക്കിലെടുത്താണ് സ്ട്രീം II ലും III ലും സംവരണം ബാധകമാക്കാത്തത്. എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്താനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചുവരുന്നു. |
| സി) | കെ.എ.എസ്. നിയമന രീതി സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | സി) | പുറപ്പെടുവിച്ചിട്ടില്ല. |
| ഡി) | അന്തിമ ഉത്തരവിൽ എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ഡി) | എല്ലാ സ്ട്രീമിലും സംവരണം നടപ്പിലാക്കുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച നിയമ വശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ